# Malayala Manorama

# 27 August 2018

# Ponnani, CM's Flood Relief Fund,Free Family Photo

## ദുരിതാശ്വാസത്തിന് പണം നൽകിയാൽ കുടുംബ ഫോട്ടോ ഫ്രീ

പൊന്നാനി ● 'സ്മൈൽ പ്ലീസ്..'- റസാഖ് ഫോട്ടോയെടുക്കുകയാണ്.

ക്യാമറയ്ക്കു മുൻപിൽ പോസ് ചെയ്യുന്നവരുടെ കയ്യിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക സംഭാവന ചെയ്തതിന്റെ ഒരു രസീത് ഉണ്ടാകും.

ചുരുങ്ങിയത് 500 രൂപയെങ്കിലും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് അതിന്റെ രസീത് ഫൊട്ടോഗ്രഫറായ റസാഖ് അത്താണിക്ക് അയച്ചുകൊടുത്താൽ അവരുടെ വീട്ടിലെത്തി സൗജന്യമായി കുടുംബസമേതമുള്ള ഫോട്ടോയെടുത്തു തരും.

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ റസാഖ് തിരഞ്ഞെടുത്ത വഴിയാണിത്. കരിങ്കല്ലത്താണി പൂച്ചാമം സ്വദേശിയാണ് റസാഖ്.